1

# “യഹോവയിൽനിന്നു വല്ല അരുളപ്പാടുമുണ്ടോ?”

സിദെക്കിയാരാജാവിന്റെ കൽപനപ്രകാരം യിരെമ്യാവിനെ തടവിൽനിന്നു കൊണ്ടുവന്നു. സിദെക്കിയാവിന് യഹോവയുടെ വചനം കേൾക്കുവാൻ താൽപര്യമുണ്ടായിരുന്നില്ലെങ്കിലും, ബാബേലിന്റെ കയ്യിലായിരുന്ന യെഹൂദയുടെ ഭാവി എന്താകുമെന്ന് പ്രവാചകൻ പറഞ്ഞു കേൾക്കുവാൻ അവൻ ആഗ്രഹിച്ചു. സിദെക്കിയാ രാജാവ് യിരെമ്യാവിനോട് ചോദിച്ചു, “യഹോവയിൽനിന്നു വല്ല അരുളപ്പാടുമുണ്ടോ?” (യിരെമ്യാവ് 37:17). ദൈവത്തെ സേവിക്കുന്നതിന് ആ ചോദ്യം വളരെ പ്രസക്തമായതു തന്നെ. എങ്ങനെയായാലും, നാം എന്തറിയുവാൻ ആഗ്രഹിച്ചാലും, സിദെക്കിയാവിൽനിന്നു വ്യത്യസ്തമായി ഹൃദയപൂർവ്വം നാം ചോദിക്കണം, “യഹോവയുടെ വചനത്തിൽ.” അവനെ ആരാധനക്കായി സമീപിക്കുമ്പോൾ, ദൈവത്തിന്റെ നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടോ?

ആൽഫ്രഡ് പി. ജിബ്സ് ആരാധനയെ കുറിച്ച് രണ്ട് നിയമങ്ങളിൽനിന്നും ധാരാളം ഉദാഹരണങ്ങൾ എടുത്തു കാണിച്ചിട്ടുണ്ട്.[1] ജിബ്സിന്റെ പല പാഠങ്ങളുള്ള ഉൾക്കാഴ്ച്ചകളുള്ള ഈ പാഠത്തിൽ, നാം രണ്ട് ഉദാഹരണങ്ങളാണ് എടുത്തിരിക്കുന്നത്. ഒന്നു പഴയനിയമത്തിൽനിന്നും, മറ്റൊന്നു പുതിയനിയമത്തിൽനിന്നും. ദൈവം ആരാധനയിൽ ആഗ്രഹിക്കുന്ന അമ്പരപ്പിക്കുന്ന സമാനതകളെ പകർത്തുന്നതാകയാലാണ് അവ എടുത്തിരിക്കുന്നത്.

ഒന്ന്, അബ്രഹാമിനോട് മോറിയാ മലയിൽ യിസഹാക്കിനെ യാഗം കഴിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അബ്രഹാം ആരാധിച്ചതാണ് (ഉൽപത്തി 22). മറ്റൊന്ന്, യേശു എന്ന രാജാവിനെ സന്ദർശിക്കുവാൻ കിഴക്കുനിന്നു ചെന്ന വിദ്വാന്മാരുടെ ആരാധനയാണ് (മത്തായി 2). അവ രണ്ടും ആരാധനാ യോഗമായിരുന്നില്ല എന്നു സമ്മതിക്കാം; എങ്കിലും, ദൈവത്തിൽനിന്നു പ്രത്യേക നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ, അവർ എങ്ങനെ ആരാധിക്കണമെന്ന് കാണിക്കുന്നു. എവിടെ നടന്നാലും, സത്യമായ ആരാധനയിൽ, ചില സ്വഭാവവിശേഷതകൾ കാണാം.

ആ ആരാധനാ മാതൃകകളിൽ ആദ്യമായി നാം കാണുന്നത്, അത് ആരംഭത്തിൽ ദൈവം നിർദ്ദേശിച്ചതായിരുന്നു എന്നതാണ്. ദൈവം അബ്രഹാമിന് പ്രത്യേക നിർദ്ദേശം കൊടുത്തില്ലായിരുന്നുവെങ്കിൽ, അബ്രഹാമിന് മോറിയാ മലയിലേക്ക് പോകേണ്ട ആവശ്യമില്ലായിരുന്നു (ഉൽപത്തി 22:2). ദൈവം അവർക്ക് വഴികാട്ടുവാൻ നക്ഷത്രത്തെ നൽകിയില്ലായിരുന്നുവെങ്കിൽ, വിദ്വാന്മാർ ഒരിക്കലും അത്രയും ദൂരം സഞ്ചരിച്ച് ബെത്ത്ലഹേമിലേക്ക് പോകുമായിരുന്നില്ല (മത്തായി 2:2). ആ നക്ഷത്രത്തെ അവർ പിൻപറ്റേണ്ടത് എങ്ങനെ അറിഞ്ഞു എന്ന് നമുക്ക് അറിയില്ല. അത് അവരെ യേശുവിന്റെ ജനനസ്ഥലത്തെത്തിക്കുമെന്ന് അവർക്ക് അറിയുവാനിടയായ വിവരണവും നമുക്കില്ല. അവരെ നയിക്കുവാൻ ദൈവം നക്ഷത്രത്തെ ഉപയോഗിച്ചു എന്നു മാത്രം നമുക്ക് അറിയാം. നക്ഷത്രത്തെ കുറിച്ച് നാം എന്തെല്ലാം തീർച്ചയാക്കിയാലും,

ഒരു കാര്യം തീർച്ചയാണ്: അത് ദൈവിക നടത്തിപ്പിനെ പ്രതിനിധാനം ചെയ്തു.

ദൈവനിർദ്ദേശങ്ങളിലുള്ള വിശ്വാസ പ്രതികരണമാണ് ആ മാതൃകകളിലെ രണ്ടാമത്തെ സ്വഭാവവിശേഷത. അബ്രഹാം മടിയോ സംശയമോ കൂടാതെയാണ് അനുസരിക്കുവാൻ പോയത്. അടുത്ത ദിവസം തന്നെ അവൻ കഴുതക്ക് കോപ്പുകൂട്ടി, വിറകുകീറി, യിസഹാക്കിനെയും രണ്ടു ബാല്യക്കാരെയും വിളിച്ചുണർത്തി മോറിയാ മലയിലേക്ക് പുറപ്പെട്ടു.

ദൈവവചനപ്രകാരം നമുക്ക് ഈ സ്വഭാവവിശേഷതകളും, മറ്റുള്ളവയും കൂടുതലായി പരിശോധിക്കാം.

## ദൈവത്താൽ നടത്തപ്പെടുന്നതാണ് നമസ്ക്കാരം

ആരാധനയെ കുറിച്ചുള്ള മാർഗ്ഗരേഖകളാണ് ദൈവം ആദ്യം മനുഷ്യർക്കു നൽകിയ നിർദ്ദേശങ്ങളിലുള്ളത് (ഉൽപത്തി 4:3–8; എബ്രായർ 11:4). ആരാധനയെ സംബന്ധിച്ച നിർദ്ദേശങ്ങളെ ലംഘിച്ചതിന്റെ ഫലമായുണ്ടായ കോപം നിമിത്തമാണ് കയ്യീൻ തന്റെ സഹോദരനെ കൊന്നത്. ദൈവവും മനുഷ്യരും യോജിച്ചുപോകുന്നതിനെ കുറിച്ചുള്ള വെളിപ്പെടുത്തലാണ് ബൈബിളിൽ മുഴുവനുമുള്ളത്; മനുഷ്യർ അതിനോട് ആരംഭം മുതൽ എങ്ങനെ പ്രതികരിക്കുന്നു എന്നും കാണുന്നു. ആരാധനയെ കുറിച്ചുള്ള ദൈവത്തിന്റെ അരുളപ്പാടുകളോടുള്ള ശരിയായ പ്രതികരണം എപ്പോഴും എങ്ങനെയായിരിക്കണമെന്നും പറഞ്ഞിരിക്കുന്നു. അക്ഷരാർത്ഥത്തിൽ ആരാധനയെ കുറിച്ചുള്ള വിവരണം/നിർദ്ദേശം ബൈബിളിലെ ഓരോ പുസ്തകത്തിലും കാണാം.

പാരമ്പര്യമോ, വ്യക്തിപരമായ ഇഷ്ടമോ, അല്ലെങ്കിൽ നമുക്ക് എന്ത് നന്നായി തോന്നുന്നു എന്നതോ അല്ല കാര്യം. നാം എന്തു ഊഹിക്കണമെന്നോ, അല്ലെങ്കിൽ വിചാരിക്കണമെന്നോ ദൈവം പറഞ്ഞിട്ടില്ല. ആരാധനയിൽ തോന്നലിന് ഒരു സ്ഥാനവുമില്ല. നാം എന്തു ചെയ്യണമെന്ന് അവൻ പറയുന്നു. തോന്നലുകൾ ഓരോ വ്യക്തിയുടേയും വ്യത്യസ്തമായിരിക്കും. ഒരാൾക്ക് ആവേശമുളവാക്കുന്നത് മറ്റൊരാൾക്ക് പുഛമായി തോന്നാം. തോന്നലുകൾ ദൈവികപ്രവർത്തിയിലേക്ക് നീങ്ങണം. വികാരം ഉയരുന്ന ഒന്നല്ല ആരാധന. സത്യത്തിലുള്ള ആരാധന ഓരോ വ്യക്തിത്വത്തിലേക്കു ഇറങ്ങി ചെല്ലുന്നതാണ് – ശരീരത്തിലേക്കും, ആത്മാവിലേക്കും. അത് സർവ്വശക്തന്റെ സന്നിധിയിൽ നമ്മെ പൂർണ്ണമായി ലയിപ്പിക്കുന്നു, അവിടെ നമുക്ക് അവന്റെ തേജസിന്റെ പ്രകാശത്താൽ ശോഭിക്കുവാൻ കഴിയും.

## അനുസരിക്കുന്ന ഹൃദയത്തിൽനിന്ന് നമസ്ക്കാരം ഉയരുന്നു

ദൈവജനത്തിനുവേണ്ടി, ഓരോ ദിവസവും ശുശ്രൂഷ നടത്തേണ്ട പുരോഹിതന്മാർക്ക് ആവശ്യമായിരുന്ന നിർദ്ദേശങ്ങളെ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് ലേവ്യാപുസ്തകം. വിശുദ്ധനായ ദൈവത്തിനും അശുദ്ധരായ ജനത്തിനുമിടയിൽ ശുശ്രൂഷ ചെയ്യേണ്ട പുരോഹിതന്മാർ ആവശ്യമായ വിശുദ്ധിയെ വലിയ പ്രാധാന്യത്തോടെ പറഞ്ഞിരുന്നു. ലേവ്യാപുസ്തകം വായിക്കുവാൻ മിക്ക ആളുകൾക്കും എളുപ്പമോ താൽപര്യമോ ഉള്ള പുസ്തകമല്ല. ഈ പഴയനിയമ പുസ്തകം ഇന്ന് പലർക്കും വിശ്വസിക്കത്തക്കതോ അല്ലെങ്കിൽ സ്പർശിക്കത്തക്കതോ ആണെന്നു വരികയില്ല; എങ്കിലും ദൈവജനം ഏതു തലമുറയിലും എവിടെയായിരിക്കണമെന്ന് വ്യക്തമാക്കുന്ന പുസ്തക

മാണ് അത്. ദൈവത്തോടു സമീപിക്കുന്നതിനെ കുറിച്ചുള്ളതും, ദൈവത്തോട് ബന്ധപ്പെടുന്നതിനെ കുറിച്ചും, ദൈവത്തിന്റെ പരിശുദ്ധ സാന്നിദ്ധ്യം നിലനിർത്തുന്നതിനെ കുറിച്ചും പ്രതിപാദിക്കുന്നു. ദൈവത്തോടു സമീപിക്കുന്നത് ഗൗരവമുള്ള കാര്യമാണ്, മനുഷ്യർക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടമാണ്. നാം നിസാരമായി ദൈവസന്നിധിയിൽ ചെല്ലരുത്, നമ്മുടേതായ വഴിയിൽ അവന്റെ അടുക്കൽ എത്തുവാൻ ശ്രമിക്കയുമരുത്.

പുരോഹിതന്മാർക്കുള്ള നിയമാവലികൾ വിശദമാക്കുന്നതിനിടയിൽ ദൈവം അവരുടെ ആദ്യശുശ്രൂഷ എങ്ങനെ ആരംഭിച്ചു എന്നും പറഞ്ഞിരിക്കുന്നു (ലേവ്യാപുസ്തകം 9:8–24). ഒരു ദിവസം യാഗങ്ങൾ തീർത്തശേഷം, "യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു യാഗപീഠത്തിന്മേലുള്ള ഹോമയാഗവും മേദസും ദഹിപ്പിച്ചു, ... ജനമെല്ലാം അതു കണ്ടപ്പോൾ ആർത്തു സാഷ്ടാംഗം വീണു" (ലേവ്യാപുസ്തകം 9:24). അടുത്ത് സംഭവിച്ചത്, സന്തോഷം വിലാപമായി തീർന്നു എന്നതാണ്. ആ സംഭവം രണ്ടു വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നുവെങ്കിലും, അതിന്റെ വേദനിപ്പിക്കുന്ന പ്രബോധനം മറക്കുവാൻ സാധ്യമല്ല. പുരോഹിതന്മാരായിരുന്ന അഹരോന്റെ പുത്രന്മാരായിരുന്ന നാദാബും അബീഹൂവും അപ്പനെ സഹായിച്ചവരായിരുന്നു, എങ്കിലും അവർ ദൈവം നിർദ്ദേശിക്കാത്ത അന്യാഗ്നി ഉപയോഗിക്കുവാൻ ശ്രമിച്ചു (ലേവ്യാപുസ്തകം 10:1, 2). യാഗപീഠത്തിന്മേലുള്ള വസ്തുക്കളെ ദഹിപ്പിക്കുവാൻ ഉപയോഗിച്ച അതേ തീ തന്നേ നാദാബിന്റേയും അബീഹൂവിന്റേയും മേൽ വീണു. "അവർ യഹോവയുടെ മുമ്പാകെ മരിച്ചു വീണു." അവർ ഉപയോഗിച്ചത് "അന്യമായ," അല്ലെങ്കിൽ "അപരിചിതമായ" ഒന്നായിരുന്നു. അവനെ ആരാധിക്കുന്നതിൽ പ്രത്യേകമായ അഗ്നി ഉപയോഗിക്കുവാൻ ദൈവം നിർദ്ദേശിച്ചിരുന്നു. അവർ ആ നിർദ്ദേശങ്ങൾ പാലിച്ചില്ല. ഒരു വ്യാഖ്യാതാവ് പറഞ്ഞു, "അവർ - പുതുതായി നിയമിക്കപ്പെട്ട പുരോഹിതന്മാർ - എന്തെല്ലാം നല്ല ഉദ്ദേശങ്ങളുണ്ടെങ്കിലും, ദൈവം അവരോട് കൽപിച്ചിട്ടുള്ളതല്ലാതെ മറ്റൊന്നും ചെയ്യുവാൻ അവർക്ക് അനുവാദമില്ലായിരുന്നു."[2] മറ്റൊരാൾ പറഞ്ഞു, "താൻ പറഞ്ഞതുപോലെ ജനങ്ങൾ തന്നെ ആരാധിക്കണമെന്ന ശക്തമായ പ്രസ്താവനയാണ് ദൈവം അതിൽകൂടെ യിസ്രായേലിന്നും ഭാവിതലമുറക്കും നൽകിയിരിക്കുന്നത്."[3] ആ പുരോഹിതന്മാർ തങ്ങളുടെ തോന്നലനുസരിച്ച് പ്രവർത്തിച്ചു. അങ്ങനെ ചെയ്യുന്നത് വളരെ എളുപ്പമാണ്. നമ്മുടെ ചിന്തയിൽ നാം കൃത്യമായി ദൈവം ആഗ്രഹിക്കുന്നതുപോലെയാണ് ചെയ്യുന്നതെന്ന് നമുക്ക് തോന്നിപ്പോകും. ദൈവം സംസാരിക്കുമ്പോൾ, ഒരാൾ ശ്രദ്ധിച്ചുകേൾക്കണമെന്ന സത്യമാണ് അതിൽ അടങ്ങിയിരിക്കുന്നത്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന നിർദ്ദേശത്തോട് അനുസരണത്തോടെ പ്രതികരിക്കുമ്പോഴാണ് ആരാധന വിലയുള്ളതാകുന്നത്.

ആരാധന അതിന്റെ രീതിയേക്കാൾ അധികമാകയാൽ, അതിനു ദൈവം നൽകിയ നിർദ്ദേശങ്ങളെ പാലിക്കുവാൻ നാം മറക്കരുത്. ആ സത്യത്തെ ചിത്രീകരിക്കുന്നതാണ് യിസ്രായേലിനു നൽകിയ നിയമപെട്ടകം. സമാഗമന കൂടാരവും അതിലെ വസ്തുക്കളും ആരാധനക്ക് ഉപയോഗിച്ചിരുന്നു. ദൈവ സാന്നിധ്യത്തെ പ്രതിനിധീകരിച്ച ഒരു വസ്തുവായിരുന്നു നിയമപെട്ടകം. നിയമപെട്ടകത്തിന്റെ മുകളിൽ കെരൂബുകളുടെ മദ്ധ്യത്തിൽ ദൈവം വസിച്ചിരുന്നു. ഏലി പുരോഹിതനായിരുന്നപ്പോൾ, ഫെലിസ്ത്യർ വന്ന് നിയമപെട്ടകം പിടിച്ചെടുത്തു. എന്നാൽ അവർ അത് ഉടനെ തന്നെ തിരിച്ചയച്ചു, കാരണം അത്

ഫെലിസ്ത്യ ദേശത്ത് എവിടെയെല്ലാം കൊണ്ടു വെച്ചുവോ അവിടെയെല്ലാം ശാപഗ്രസ്തമായി. നിയമപെട്ടകം അവരുടെയിടയിൽ ഏഴു മാസം മാത്രമെ ഉണ്ടായിരുന്നുള്ളു. നിയമപെട്ടകം എങ്ങനെ തിരികെ കൊണ്ടുപോകണമെന്ന് അറിയാതെ ഫെലിസ്ത്യപുരോഹിതന്മാരും ദർശകന്മാരും ആലോചിച്ച് ഒരു പുതിയ വണ്ടിയുണ്ടാക്കി, അതിൽ നിയമപെട്ടകവും സ്വർണ്ണസമ്മാനങ്ങളും ചേർത്ത് വെച്ചു. വണ്ടി വലിക്കുവാനായി ഒരിക്കലും നുകം വെച്ചിട്ടില്ലാത്ത കറവ പശുക്കളെ അവയുടെ കിടാങ്ങളെ മാറ്റി നുകം വെക്കാമെന്ന് കരുതി അവയെ കെട്ടഴിച്ചു. അപ്പോൾ പശുക്കൾ അവയുടെ കിടാക്കളെ തേടി ഓടി. പശുക്കൾ ബേത്ത്-ശേമേശയിലേക്ക് പോകുകയാണെങ്കിൽ, ദൈവമാണ് ഇത് വരുത്തിയത് എന്നു കരുതാം, അല്ലെങ്കിൽ നാം ശപിക്കപ്പെട്ടവരാണെന്നും കരുതാമെന്ന് അവർ മുൻനിശ്ചയിച്ചിരുന്നു. നിർഭാഗ്യവശാൽ അങ്ങനെ പശുക്കൾ നേരെ ഓടിയത് ബേത്ത്-ശമേശയിലേക്കായിരുന്നു. അവിടെനിന്നു നിയമപെട്ടകം കിരിയാത്ത് ഏരീമിലെ അബിനിദാബിന്റെ വീട്ടിലെത്തിക്കുകയും, അവിടെ ഇരുപതു വർഷം സൂക്ഷിക്കുകയും ചെയ്തു.

ദാവീദ് രാജാവായപ്പോൾ, അവൻ ദൈവസാന്നിധ്യം ആഗ്രഹിച്ചതിനാൽ, നിയമപെട്ടകം യെരുശലേമിലേക്ക് കൊണ്ടുവരുവാൻ തീരുമാനിച്ചു. ദാവീദ് അദ്ധ്യക്ഷന്മാരോടും സൈന്യാധിപന്മാരോടും ആലോചിച്ചു. അവർ അതു കൊണ്ടുവരുവാൻ സമ്മതിക്കുകയും ചെയ്തു, കാരണം ദൈവം തന്റെ നാമം സ്ഥാപിച്ച സ്ഥലത്ത് അവന്റെ സാന്നിധ്യം അനുഭവിക്കാതായിട്ട് വളരെ വർഷങ്ങൾ പിന്നിട്ടിരുന്നു. ഇരുപതുവർഷം മുൻപ് ഫെലിസ്ത്യർ ചെയ്തതുപോലെ യിസ്രായേൽ മക്കളും ഒരു പുതിയ വണ്ടിയുണ്ടാക്കി, തെളിക്കുവാൻ ഉസയെയും അഹിയോവെയും നിയോഗിച്ചു. അവർ പാട്ടു പാടി ആഘോഷത്തോടെയാണ് പോയത്. അവർ നിയമപെട്ടകവുമായി നാകോന്റെ കളത്തിനടുത്തെത്തിയപ്പോൾ, കാള വിരണ്ടോടുവാൻ തുടങ്ങി. നിയമപെട്ടകം താഴെ വീഴുമെന്ന് ഉസക്ക് തോന്നി, വീഴാതിരിക്കുവാൻ അവൻ നിയമപെട്ടകത്തിൽ പിടിച്ചു. ഉടനെ അവൻ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി (2 ശമുവേൽ 6:1-10; 1 ദിനവൃത്താന്തം 13:1-10). 2 ശമുവേലിലെ വിവരണം പറയുന്നു, “അവന്റെ അവിവേകം നിമിത്തം ദൈവം അവിടെവെച്ചു അവനെ സംഹരിച്ചു” (6:7).

യിസ്രായേൽമക്കൾ അവരുടെ നായകന്മാരോടും അദ്ധ്യക്ഷന്മാരോടും ആലോചിച്ചു, എന്നാൽ ദാവീദിന്റെ സഹായികളോ ദൈവത്തോട് ആലോചിച്ചില്ല. ആ സംഭവം മുഴുവൻ അവിവേകമായിരുന്നു - അവർ ആത്മാർത്ഥതയില്ലാത്തതിനാലായിരുന്നില്ല, മറിച്ച് നിയമപെട്ടകം നീക്കുവാൻ അവർ ദൈവഹിതത്തിനു വിപരീതമായി ചിന്തിച്ചു എന്നതാണ്. ദാവീദിനു കോപവും ഭയവുമുണ്ടായി; നിയമപെട്ടകം എങ്ങനെ യെരുശലേമിൽ എത്തിക്കണമെന്ന് ദാവീദിന് അറിയില്ലായിരുന്നു. അങ്ങനെ അത് മൂന്നു മാസം ഒബേദേദോമിന്റെ വീട്ടിൽ വെച്ചു.

നിയമപെട്ടകം വെച്ച ഒബേദേ-ദോമിനെ ദൈവം അനുഗ്രഹിക്കുന്നതു വരെ അത് യെരുശലേമിലേക്ക് മടക്കി കൊണ്ടുവരുന്നതിനെ കുറിച്ച് ദാവീദ് ആലോചിച്ചില്ല. എങ്ങനെയായാലും, ഈ സമയത്ത് നിയമപെട്ടകം എങ്ങനെ ശരിയായി യെരുശലേമിൽ എത്തിക്കണമെന്ന് അവൻ ആലോചിച്ചു. പുരോഹിതന്മാർ അത് കൈകാര്യം ചെയ്യാതിരുന്നതുകൊണ്ടാണ് ആദ്യം അപകടമുണ്ടായത് എന്ന് അവൻ തിരിച്ചറിഞ്ഞു - മുൻപ് നിയമപെട്ടകം കൊണ്ടു

വരേണ്ടതെങ്ങനെയെന്ന് ദാവീദ് ദൈവത്തിന്റെ ആലോചന അന്വേഷിച്ചില്ല (1 ദിനവൃത്താന്തം 15:13). ലേവ്യർ മാത്രമെ അതു ചുമക്കാവു എന്ന് അവൻ ഇപ്പോൾ മനസിലാക്കി, "ലേവ്യരല്ലാതെ ആരും ദൈവത്തിന്റെ പെട്ടകം ചുമക്കേണ്ടതല്ല" (1 ദിനവൃത്താന്തം 15:2).

വീണ്ടും ദാവീദ്, ആഘോഷിക്കുവാനായി യിസ്രായേൽ മക്കളെ ഒന്നിച്ചുകൂട്ടി. എങ്ങനെയായാലും, ഈ സമയത്ത് തന്നെ സഹായിക്കുന്നതിനായി അഹരോന്റെ സന്തതിപരമ്പരയിൽനിന്ന് 862 പേരെ വിളിച്ചുവരുത്തി. അവൻ പുരോഹിതന്മാരെ വിളിച്ചു അവരോട് പറഞ്ഞു, "നിങ്ങൾ ലേവ്യരുടെ പിതൃഭവനങ്ങളിൽ തലവന്മാരല്ലോ, നിങ്ങളും നിങ്ങളുടെ സഹോദരന്മാരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന്നു ഒരുക്കിയിരിക്കുന്ന സ്ഥലത്തു കൊണ്ടുവരുവാൻ, നിങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊൾവിൻ" (1 ദിനവൃത്താന്തം 15:12). ഇപ്പോൾ അവർ വിജയിച്ചു, കാരണം നിയമപെട്ടകം "യഹോവയുടെ അരുളപ്പാട് ലഭിച്ച മോശെ കൽപിച്ചതുപോലെ പുരോഹിതന്മാർ അവരുടെ ചുമലിൽ ചുമന്നുകൊണ്ടാണ് പോയത്" (1 ദിനവൃത്താന്തം 15:15). നാം ദൈവസാന്നിധ്യം ആഗ്രഹിക്കുന്നുവെങ്കിൽ, ദാവീദിനെ പോലെ തെറ്റു മനസിലാക്കി ആത്മാർഥതയോടെ അവന്റെ സന്നിധിയിലേക്ക് വരണം.

## നമസ്ക്കാരം ദൈവത്തിൽ കേന്ദ്രീ-കരിക്കണം

ദൈവമാണ് ആരാധ്യൻ എന്ന കാര്യത്തെ ഒരു ബൈബിൾ വിദ്യാർത്ഥിയും ചോദ്യം ചെയ്യുകയില്ല. നമ്മുടെ "അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം" എന്ന "സ്തോത്ര യാഗം" നാം ദൈവത്തോടാണ് അർപ്പിക്കേണ്ടത് (എബ്രായർ 13:15). നാം ദൈവത്തിനുള്ള ജനമാണെന്ന് തിരിച്ചറിയുന്നതാണ് ആരാധന. "നിങ്ങളുടെ വഴിയിൽ തന്നെ കാര്യങ്ങൾ ചെയ്യുക" എന്ന തത്വമുള്ള ലോകത്തിൽ ജീവിക്കുമ്പോൾ, ദൈവനിർദ്ദേശം അന്വേഷിക്കുന്നത് ആളുകൾക്ക് ബുദ്ധിമുട്ടാണ്. വലിയ സദസിനെ ആകർഷിക്കുവാൻ എന്തു ചെയ്യാമെന്ന് നാം ചിന്തിക്കും. വലിയ ഒരു കൂട്ടം ആരാധനക്ക് വരുന്നത് ആവേശകരമായ അനുഭവമായി നാം കാണും. ദൈവം-നൽകിയ താലന്തുകളെ ഉപയോഗിക്കുന്നതിന് അദ്ധ്യക്ഷന്മാർക്കുള്ള അവസരമാണ് ആരാധന എന്ന് വിചാരിച്ചുപോയേക്കാം. നാം അങ്ങനെ ചിന്തിക്കുവാൻ തുടങ്ങിയാൽ, നാം ആരാധനയുടെ കേന്ദ്ര ബിന്ദുവിൽനിന്നും അകലുകയാണ്. ആരാധനയുടെ മുഖ്യഭാഗത്തെ വിസ്മരിച്ചുകൊണ്ടുള്ള ആരാധന ആത്മിയത കുറഞ്ഞ പൊള്ളയായ ഒന്നായി തീരും. അത്തരം ആരാധന ആത്മാവിനനുസരിച്ചുള്ളതല്ല, ജഡത്തിനനുസരിച്ചുള്ളതാണ്. ദൈവവിശുദ്ധിക്കായുള്ള യാഗത്തിനുള്ളതല്ലെങ്കിൽ, ജഡികമായ ഇച്ഛകൾക്ക് ദൈവസിംഹാസനത്തിന് മുൻപിൽ ഒരു സ്ഥാനവുമില്ല. ആരാധനയിൽ നാം ജഡത്തെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണെങ്കിൽ, അത് വാസ്തവത്തിൽ ആരാധനയേ ആകുന്നില്ല. "സ്വാർത്ഥത ഏതു രൂപത്തിലും ആരാധനയിൽ വരുവാൻ അനുവദിക്കരുത്."[4]

പലപ്പോഴും, ദൈവശബ്ദത്തേക്കാളും ഉയർന്നു കേൾക്കാറുള്ളത് ആധുനികതയാണ്. ദൈവം ആവശ്യപ്പെടുന്നതിനേക്കാൾ ആവശ്യം ആചാരങ്ങൾക്കായി നൽകുവാൻ ബദ്ധപ്പെടുന്നു. ഡേവിഡ് വെൽസ് പറഞ്ഞു,

> ഓരോ വ്യക്തിയുടേയും മനസിൽ മൂല്യങ്ങൾ കോർത്തിണക്കി അവതരിപ്പിക്കുന്നതാണ് ആധുനികത്വം എന്നു പറയുന്നത്. വിചാരത്തിലും

മൂല്യത്തിലും, മനുഷ്യാർത്തിയെ വളർത്തുന്ന അഭൂതപൂർവ്വമായ ശക്തി യുള്ളതാണ് ആധുനികത. അത് ബൈബിൾ വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ കാലത്തെ ലോകപ്രിയമാണ്.[5]

ആരാധന, ആരാധകന്റെ ഗുണത്തിനു വേണ്ടി രൂപപ്പെടുത്തിയതാകയാൽ, സ്വയനിറവേറ്റലിൽ ഒരു നൈസർഗികപ്രശ്നം വരുവാൻ സാധ്യതയുണ്ട്. ആ പ്രശ്നത്തെ വേദശാസ്ത്രജ്ഞർ വിളിക്കുന്നത് "ആന്ത്രോപൊസെൻട്രിസം" എന്നാണ്, അർത്ഥം "മനുഷ്യനിൽ കേന്ദ്രീകരിച്ച"[6] എന്നാണ്, അത് വിവരിക്കുന്നതെന്തെന്നാൽ നമ്മിലെ ഒരു ഭാഗം എപ്പോഴും ജഡത്തിന് കീഴ്പ്പെടുന്നത് നിമിത്തം ദൈവത്തെ ശ്രദ്ധിക്കുന്നതിൽ വിഷമം നേരിടുന്നു. ദൈവസിംഹാസനത്തിനു മുന്നിൽ ജഡത്തിന് നിറവേറുവാനായി ഒന്നുമില്ല.

ആരാധിക്കുമ്പോൾ, ദൈവം "നീതിക്ക് വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന" ആരാധകന്റെ പാനപാത്രം ദൈവം നിറെക്കും (മത്തായി 5:6) ആരാധനയിൽ ഒരാൾ തന്റെ വ്യക്തിപരമായ തൃപ്തി നിറവേറ്റുന്നതല്ല ദൈവസാന്നിധ്യത്താൽ നിറയുക എന്നത്. മാനുഷികാവശ്യങ്ങൾ ആരാധനയിൽ നിറവേറണം, എന്നാൽ അത് അമാനുഷമോ, ശാരീരികമോ അല്ലെങ്കിൽ വൈകാരികമായ അനുഭവങ്ങളാലോ ആകരുത്. വാസ്തവത്തിലുള്ള ആരാധന വികാരത്തെ ഉണർത്തുന്ന പ്രകടനമോ അല്ലെങ്കിൽ മനസിനു പൊരുത്തപ്പെടുന്നതോ അല്ല. മറിച്ച്, അത് ആത്മ നിറവിൽ നമ്മുടെ രക്ഷിതാവിനും ദൈവത്തിനും മഹത്വവും പുകഴ്ച്ചയും കരേറ്റുന്നതാണ്, അങ്ങനെ ആരാധിക്കുമ്പോൾ ആരാധകനിൽ ദൈവത്തിന്റെ സാന്നിധ്യവും ശക്തിയും നിറയും. ആരാധന വ്യക്തിത്വത്തെയോ, അല്ലെങ്കിൽ വ്യക്തി താൽപര്യത്തെയോ ഉയർത്തുന്നതല്ല. അത് ഒരാളുടെ ബോധത്തെയും മൂല്യത്തെയും ഉയർത്തുന്നതല്ല, പിന്നെയോ, പുകഴ്ച്ചയും ബഹുമാനവും ദൈവത്തിന് മാത്രമാണെന്ന് സമ്മതിക്കലാണ്.

നമ്മുടെ കരുതലിൽ മുഖ്യമായി ദൈവം ആകുമ്പോൾ, ദൈവത്തിന്റെ മുഖ്യ ശ്രദ്ധ നാം ആയി മാറും. നാം നമ്മെത്തന്നെ താഴ്ത്തുമ്പോൾ, ദൈവം നമ്മെ ഉയർത്തും (യാക്കൊബ് 4:10). നാം ആരാധിക്കുന്നത്, ജീവിതത്തിൽ എല്ലാം നന്നായി തന്നെ നടക്കുന്നതിനോ, അല്ലെങ്കിൽ ഒന്നും "മോശമായി" സംഭവിക്കാതിരിക്കേണ്ടതിനോ അല്ല അവൻ ദൈവം ആകയാലാണ് നാം അവനെ ആരാധിക്കുന്നത്.

മൂന്നു രീതിയിൽ ആരാധന നടക്കുന്നതായി വെൻഡെൽ വിലിസ് പറയുകയുണ്ടായി.[7] ഒന്നാമത്തെ ലെവലിനെ അദ്ദേഹം "സൗന്ദര്യ ബോധമുള്ള അനുഭവം" എന്നാണ് വിളിച്ചത്. സ്വയം ത്യജിച്ച് ദൈവവഴി നടക്കട്ടെ എന്നു വിചാരിക്കുവാൻ വിഷമിക്കുന്ന ഒരു ലെവലാണ് അത്. അത്തരം ആരാധന നല്ലതാണെന്ന് തോന്നും; അത് നമ്മുടെ വ്യക്തിപരമായ സൗന്ദര്യത്തിനും, മനോഹാരിതക്കും ഇണങ്ങുന്നതായി തോന്നും. രണ്ടാമത്തേതിനെ വിൽസ് വിളിച്ചത്, "ധാർമ്മിക ലെവൽ" എന്നാണ്. ഈ ലെവലിൽ നമുക്ക് ദൈവത്തോടുള്ള അനുമോദനം സജീവ പ്രതികരണമായി തീരുന്നു. മൂന്നാമത്തെ ലെവലിനെ അദ്ദേഹം വിളിച്ചത് "മതപരം" എന്നാണ്. ഈ ലെവലിൽ, തന്നെ വെളിപ്പെടുത്തുവാൻ ദൈവമാണ് തന്റെ ഉദ്ദേശത്തിന് മുന്നിട്ടിറങ്ങി പ്രവർത്തിച്ചത് എന്നു നാം തിരിച്ചറിയുന്നു. ദൈവത്തിന്റെ വില സമ്മതിക്കുന്ന ഒരു പ്രതികരണത്തിലേക്ക് തിരിയുന്നതാണ് ആ തിരിച്ചറിയൽ. ദൈവത്തെ ശ്രദ്ധിച്ച് ദൈവവചനപ്രകാരം പ്രതികരിക്കുവാൻ അത് നമ്മെ സഹായിക്കുന്നു.

## ഉപസംഹാരം

ബൈബിൾ കാലഹരണപ്പെട്ടതാണെന്നും അത് നമ്മുടെ സംസ്ക്കാരത്തിനപ്പുറമാണെന്നും ചില ആളുകൾ കരുതുന്നുണ്ടെങ്കിലും, നമ്മുടെ ആരാധനാ രീതിക്ക് ദൈവവചനമായിരിക്കണം മാനദണ്ഡം. സംസ്ക്കാരമോ, പുരുഷാരത്തിന്റെ അഭിപ്രായമോ അതെല്ലാമെന്തുതന്നെയായാലും, നമ്മുടെ പെരുമാറ്റത്തെ കൽപിക്കേണ്ടത് വചനമായിരിക്കണം. ആരാധന നമ്മെ വളർത്തുന്നതും നമുക്ക് ആത്മികവർദ്ധന വരുത്തുന്നതുമായിരിക്കണം (1 കൊരിന്ത്യർ 14:3–5, 12, 17, 26, 31.) എങ്ങനെയായാലും, ആരാധന വിശ്വാസികളെ വളർത്തുന്നു എങ്കിലും, ദൈവത്തെ അറിയാത്തവർക്ക് അത് ക്ഷീണിപ്പിക്കുന്നതും അവിശ്വസിപ്പിക്കുന്നതുമാകാം. ദൈവജനം തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ-കേന്ദ്രമാക്കുമ്പോൾ, വചനത്താൽ-നയിക്കപ്പെടുന്ന ആരാധന അവരുടെ ജീവിതത്തിന്റെ കേന്ദ്രമാകുന്നു, അവരുടെ മദ്ധ്യത്തിലേക്ക് ദൈവാനുഗ്രഹം ചൊരിയുകയും ചെയ്യും. ഇതു സംഭവിക്കുമ്പോഴാണ് വിശ്വാസികളെയും അവിശ്വാസികളെയും ദൈവത്തിലേക്ക് അടുപ്പിക്കുന്നത്. നമ്മുടെ ആരാധന ദൈവത്തിൽ കേന്ദ്രീകരിച്ച് അവന്റെ വചനപ്രകാരം ആയിരിക്കണം എന്നു പറയുവാനുള്ള കാരണം, അവിശ്വാസികൾ വചനത്താൽ പാപബോധമുള്ളവരാകുകയും തീർച്ചയായും ദൈവം അവരുടെ മദ്ധ്യത്തിലുണ്ട് എന്ന് വിശ്വസിക്കുകയും ചെയ്യും എന്നതിനാലാണ് (1 കൊരിന്ത്യർ 14:24, 25).

ഈ പാഠത്തിന്റെ ചിന്തയെ ചുരുക്കി റോൺ കാൾസൺ ഒരു പ്രസ്താവന പറഞ്ഞിരിക്കുന്നു: "നാം ക്രിസ്തീയ സംസ്ക്കാരം നിലനിർത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വർത്തമാന പ്രതീതി എന്തായാലും, നാം ദൈവവചനത്തിൽ ശ്രദ്ധിക്കുക തന്നെ വേണം ..."[8]

---

കുറിപ്പുകൾ

[1]ആൽഫ്രെഡ് പി. ജിബ്സ്, *വർഷിപ്: ദ ക്രിസ്ത്യൻസ് ഹൈയെസ്റ്റ് ഓകുപേഷൻ,* 2ന്റ് എഡി. (കൻസാസ് സിറ്റി, കാൻസ്.: വാൾട്ടെറിക് പബ്ലിഷേഴ്സ്, എൻ. ഡി.), 19–25. [2]എഫ് മേറിക്, ഇൻ *ദ പുൾപിറ്റ് കമെന്ററി,* വാല്യം, 2, *ലെവറ്റിക്കസ് ആന്റ് നമ്പേഴ്സ്*, എഡി. എച്ച്. ഡി. എം. സ്പെൻസ്, ആന്റ് ജോസെഫ് എസ്. എക്സെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1950), 149. [3]ആബ്റേ ജോൺസൺ, *മൂസിക് മാറ്റേഴ്സ് ഇൻ ദ ലോർഡ്സ് ചർച്ച്* (നാഷ്വിലേ: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1995), 15. [4]ജിബ്സ്, 216. [5]ഡേവിഡ് എഫ്. വെൽസ്, *ഗോഡ് ഇൻ ദ വെയിസ്റ്റ് ലാന്റ്: ദ റിയാലിറ്റി ഓഫ് ട്രൂത്ത് ഇൻ എ വേൾഡ് ഓഫ് ഫെയിഡിങ് ഡ്രീംസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1994), 29. [6]ജാക്ക് ഹേഫോർഡ്, *വർഷിപ് ഹിസ് മജെസ്റ്റി* (ഡല്ലാസ്: വേർഡ് പബ്ലിഷിങ്, 1987), 47. [7]വെന്റൽ വില്ലിസ്, *വർഷിപ്*, ദ ലിവിങ് വേർഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ഷിങ് കമ്പനി., 1973), 5–6. [8]റോൺ കാൾസൺ, *കോമറ്റോസ് ക്രിസ്ത്യാനിറ്റി: എ വേക്-അപ് കാൾ ഫോർ ക്രിസ്റ്റ്യൻസ്* (നാഷ്വിലേ: ക്രിസ്ത്യൻ കമ്മൂണിക്കേഷൻസ്, 1989), 5.